പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 914 12.06.2013-ൽ മറുപടിക്ക്

## പട്ടിക ജാതി ക്ഷേമത്തിനായി നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>„ ഐ. സി. ബാലകൃഷ്ണൻ<br>„ ബെന്നി ബെഹനാൻ<br>„ ജോസഫ് വാഴക്കൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടിക ജാതി ക്ഷേമത്തിനായി നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) & (ബി) | ഉണ്ട്. സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനവിഭാഗമായ പട്ടികജാതിക്കാരുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് അവരുടെ സാമൂഹികവും വിദ്യാഭ്യാസവും സാമ്പത്തികവുമായ വളർച്ചയും ആരോഗ്യപരിരക്ഷയും ഉൾക്കൊള്ളുന്ന നൂതനമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് പട്ടികജാതി വികസന നയത്തിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത വിഭാഗത്തിന്റെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | പ്രസ്തുത നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) & (ഡി) | 19.3.2013 ലെ സ.ഉ(സാധാ)385/2013/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കരട് നയം തയ്യാറാക്കി സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരട് നയം തയ്യാറാക്കുന്നതിലേയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ്, ഗ്രാമവികസന വകുപ്പ്, ജില്ലാ പട്ടികജാതി വികസന ആഫീസർമാർ എന്നിവരിൽ നിന്നും വിവരം ശേഖരിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആയത് ക്രോഡീകരിച്ച് വരുന്നുണ്ട്. കരട് നയരൂപീകരണത്തിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ചർച്ച നടത്തി, ഇതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി നയത്തിന്റെ കരട് തയ്യാറാക്കി ഉടൻതന്നെ സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | നയരൂപീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | | |

Bal... KJ

സെക്ഷൻ ആഫീസർ